മംഗളം

23 December 2016

# മത്സ്യകൃഷി വിപ്ലവത്തിന് മാതൃകയായി കടമക്കുടി

## സി.എം.എഫ്.ആർ.ഐ യുടെ നേതൃത്വത്തിൽ നടന്ന കൂടുമത്സ്യ കൃഷി വൻവിജയം

കൊച്ചി: കടലിൽ മീൻ കുറയുന്ന സാഹചര്യത്തിൽ മത്സ്യകൃഷി വിപ്ലവത്തിലൂടെ മാതൃകയാകുകയാണ് കടമക്കുടി ഗ്രാമപഞ്ചായത്തിലെ പിഴല ദ്വീപ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) നേതൃത്വത്തിൽ ഏഴ് മാസം മുമ്പ് പിഴല ദ്വീപിൽ ആരംഭിച്ച കൂടുമത്സ്യ കൃഷി വിളവെടുപ്പ് നടത്തിയപ്പോൾ കർഷകർ മികച്ച നേട്ടം കൊയ്തു.

കടമക്കുടി പഞ്ചായത്തിൽ സിഎംഎഫ്ആർഐയുടെ മേൽനോട്ടത്തിൽ നടന്ന കൂടുകൃഷി സംരംഭങ്ങളിൽ സ്ത്രീ സംഘങ്ങളുടെ സജീവ സാന്നിധ്യം പ്രത്യേകം ശ്രദ്ധേയമായി. സ്ത്രീകളടക്കം നൂറോളം കർഷകരാണ് കൂടുമത്സ്യകൃഷിയിൽ പങ്കാളികളായത്.

നാല് മീറ്റർ വീതം നീളവും വീതിയും ആറ് മീറ്റർ ആഴവുമുള്ള കൂടുകളിൽ കൃഷി ചെയ്ത കരിമീൻ, കാളാഞ്ചി, തിലാപ്പിയ മത്സ്യങ്ങളാണ് വിളവെടുത്തത്.

സിഎംഎഫ്ആർഐയുടെ സാങ്കേതിക സഹായത്തോടെ 60 ഓളം കൂടുകളിൽ ഈ പ്രദേശത്ത് കൃഷി നടത്തിയിരുന്നു. ക്രിസ്മസിന് മുന്നോടിയായി നടന്ന വിളവെടുപ്പിൽ ഉയർന്ന തൂക്കമുള്ള മത്സ്യങ്ങളാണ് ലഭിച്ചത്. കാളാഞ്ചി മത്സ്യത്തിന് ശരാശരി തൂക്കം മൂന്നര കിലോയും കരിമീനിന് 250 ഗ്രാം തൂക്കവും ലഭിച്ചു.

കൂടുകൾ ഉപയോഗിച്ചുള്ള മത്സ്യകൃഷി ചിലവ് കുറഞ്ഞതും ഉയർന്ന ലാഭം ലഭിക്കുന്നതുമാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം മുതൽ വിളവെടുപ്പ് വരെ കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ സിഎംഎഫ്ആർഐ യുടെ സാങ്കേതിക സഹായവും പരിശീലനവുമാണ് കർഷകർക്ക് മികച്ച നേട്ടം കൊയ്യാൻ സഹായകരമായത്. കൂടുകളിൽ ഒരു കിലോ കരിമീൻ ഉൽപാദനത്തിന്റെ ശരാശരി ചിലവ് 100 രൂപയാണ്. എന്നാൽ, ജൈവീകമായി നടത്തുന്ന കൂടുകൃഷിയിൽ നിന്ന് ലഭിക്കുന്ന ഒരു കിലോ കരിമീനിന് 500 മുതൽ 600 രൂപ വരെ വിപണിയിൽ ലഭിക്കും.

സിഎംഎഫ്ആർഐ മാരികൾച്ചർ വിഭാഗം മേധാവി ഡോ ഇമൽഡ ജോസഫ് ആണ് കടമക്കുടി പഞ്ചായത്തിലെ കൂടുമത്സ്യകൃഷി സംരംഭങ്ങൾക്ക് നേതൃത്വം നൽകിയത്.




കൂടുമത്സ്യ കൃഷി വിളവെടുപ്പ് സ്ഥലം എംഎൽഎ എസ് ശർമ്മ ഉദ്ഘാടനം ചെയ്തു. മത്സ്യകൃഷിയിലൂടെ കടമക്കുടി പഞ്ചായത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐ യുടെ മേൽനോട്ടത്തിൽ ജനകീയമാക്കിയ കൂടുമത്സ്യകൃഷി പഞ്ചായത്തിൽ വൻ മാറ്റങ്ങളാണ് ഉണ്ടാക്കുന്നത്. വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിലെ ദ്വീപ് പ്രദേശങ്ങൾ മത്സ്യകൃഷിക്ക് അനന്ത സാധ്യതയുള്ളതാണ്. അക്വാടൂറിസം മേഖലയിലും പഞ്ചായത്തിന് ഏറെ സാധ്യതകളാണുള്ളതെന്നും അദ്ദേഹം പറഞ്ഞു. പുതുതായി സ്ഥാപിച്ച കൂടിൽ കാളാഞ്ചി കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനവും എസ് ശർമ്മ എംഎൽഎ നിർവഹിച്ചു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ യുടെ ഗവേഷണ ഫലങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുവെന്നതിന്റെ തെളിവാണ് കടമക്കുടി പഞ്ചായത്തിലെ മത്സ്യകൃഷി വിപ്ലവമെന്ന് അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ വികസിപ്പിച്ച കൂടുകൃഷി മാതൃക ഉപയോഗിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടുകൃഷി സംരംഭങ്ങൾ വർധിച്ചുവരികയാണ്. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ രീതിയിൽ കൂടുമത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കർഷകർക്ക് സിഎംഎഫ്ആർഐ സാങ്കേതിക സഹായം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീശാക്തീകരണത്തിന് പ്രാധാന്യം നൽകിയാണ് കടമക്കുടി പഞ്ചായത്തിലെ കൂടുമത്സ്യകൃഷി സംരംഭങ്ങൾക്ക് സിഎംഎഫ്ആർഐ നേതൃത്വം നൽകുന്നതെന്ന് ഡോ ഇമൽഡ ജോസഫ് പറഞ്ഞു.

കടമക്കുടി പഞ്ചായത്ത് പ്രസിഡണ്ട് ശാലിനി ബാബു, ബ്ലോക്ക് പഞ്ചായത്തംഗം സീന ഫ്രാൻസിസ്, വാർഡ് അംഗം പ്രകാശൻ, ഫിഷറീസ് കോർഡിനേറ്റർ മണികണ്ഠൻ, മത്സ്യകർഷക അജിത സംസാരിച്ചു.



▪ സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ കടമക്കുടി പഞ്ചായത്തിലെ പിഴലയിൽ നടന്ന കൂടുമത്സ്യ കൃഷിയുടെ വിളവെടുപ്പ് എസ് ശർമ്മ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ സമീപം.